# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

28.03.2018 – ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5946

## ഗുരുതരരോഗബാധിതരുടെ റേഷൻ കാർഡ് ബി.പി.എൽ. ആക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്ക് കാരുണ്യ ഉൾപ്പെടെയുള്ള ചികിത്സാ സഹായങ്ങൾ ലഭിക്കുന്നതിനായി റേഷൻ കാർഡിൽ സീൽ പതിച്ച് നൽകുകയോ, ബി.പി.എൽ. ആക്കി നൽകുകയോ ചെയ്യുന്നുണ്ടോ; | (എ) യും (ബി) യും (സി) യും | മാരകരോഗങ്ങളായ എയ്ഡ്സ്, ക്യാൻസർ, ഓട്ടിസം, ഗുരുതരമായ മാനസിക ശാരീരിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവരിൽ ആരെങ്കിലും ഉൾപ്പെടുന്ന കുടുംബങ്ങൾ പൊതുവിഭാഗത്തിൽ ഉണ്ടെങ്കിൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ശുപാർശ പ്രകാരം ജില്ലാ സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകാവുന്നതാണ്. പരിശോധനയിൽ അർഹരാണെന്ന് കണ്ടെത്തുന്നവർക്ക് ചികിത്സാ ആനുകൂല്യത്തിനായി റേഷൻകാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' സീൽ പതിച്ച് നൽകുന്നതാണ്. |
| (ബി) ഇതിനായുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | |
| (സി) ഏതെല്ലാം അസുഖങ്ങൾക്കാണ് ഈ ആനുകൂല്യം നൽകുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ